# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 207** **04.10.2016- ൽ മറുപടിക്ക്**

### ഓണം-റംസാൻ കൈത്തറി-ഖാദി വിപണന മേളകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.അബ്ദുറഹിമാൻ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.കെ.ഡി.പ്രസേനൻ | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും കായികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഓണം-റംസാൻ കൈത്തറി-ഖാദി വിപണന മേളകൾ റിബേറ്റുകൾപ്പെടെ പ്രഖ്യാപിച്ച് നടത്തിയിരുന്നോ; | (എ) കൈത്തറി ഉല്പന്നങ്ങളുടെ വിപണനം ലക്ഷ്യമിട്ട് ഓണം-റംസാൻ മേളകൾ കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നടത്തിയിട്ടുണ്ട്.<br><br>ഖാദി ഉല്പന്നങ്ങളുടെ പരമാവധി വിൽപന ഉറപ്പാക്കുന്നതിനായി കേരള ഖാദി ഗ്രാമ വ്യവസായ ബോർഡും, ഖാദി സ്ഥാപനങ്ങളും സംയുക്തമായി വിവിധ ഇടങ്ങളിൽ വിപണനമേളകൾ നടത്തിയിരുന്നു. |
| (ബി) ഈ വിപണന മേളകളിലൂടെ എത്ര കോടി രൂപയുടെ വിൽപ്പനയാണ് പ്രതീക്ഷിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) ഈ വിപണനമേളകളിലൂടെ കൈത്തറി ഉൽപന്നങ്ങളുടെ 15,65,00,000/- രൂപയുടെ വിൽപനയും ഖാദി ഉൽപന്നങ്ങളുടെ 80 കോടി രൂപയുടെ വിൽപനയുമാണ് പ്രതീക്ഷിച്ചിരുന്നത്. |
| (സി) പ്രസ്തുത മേളകളിലൂടെ എത്ര കോടി രൂപയുടെ വിൽപ്പന നടന്നു എന്ന് അറിയിക്കാമോ? | (സി) പ്രസ്തുത മേളകളിലൂടെ 23,02,35,954/- രൂപയുടെ കൈത്തറി ഉൽപന്നങ്ങളുടെയും ഏകദേശം 75 കോടി രൂപയുടെ ഖാദി ഉല്പന്നങ്ങളുടെയും വിൽപന നടന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ